(Pages : 3) **L – 1035**

Reg. No. : .............................

Name : .................................

## Final Year B.A. Degree Examination, April 2021

## Malayalam Language and Literature

## Part III : Paper – V : ഭാഷാശാസ്ത്രം, ഭാഷാചരിത്രം, വ്യാകരണം

Time : 3 Hours Max. Marks : 100

എ - വിഭാഗം

I. ഒന്നരപ്പുറത്തിൽ (**150** വാക്ക്) കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

1. യുഗളപരീക്ഷണത്തിന്റെ പ്രസക്തിയെന്ത്?

2. നാനാർത്ഥവും സമരൂപങ്ങളും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ വിവരിക്കുക.

3. അർത്ഥവികാസം, അർത്ഥസങ്കോചം എന്നിവ ഉദാഹരണസഹിതം വിവരിക്കുക.

4. സന്നിഹിതഘടകാപഗ്രഥനം എന്നാലെന്ത്?

**(2 × 5 = 10 Marks)**

II. മൂന്നു പുറത്തിൽ (**300** വാക്ക്) കവിയാതെ ഉത്തരം എഴുതുക.

5. (a) പ്രധാന ഭാഷാശാസ്ത്രവിഭാഗങ്ങളെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) വർണ്ണനിർണ്ണയോപാധികൾ എന്നാലെന്ത്? വിശദമാക്കുക.

P.T.O.

gcwcentrallibrary.in

6. (a) പദവ്യുൽപ്പത്തിയും പദനിഷ്പത്തിയും വിവരിച്ചുദാഹരിക്കുക.

അല്ലെങ്കിൽ

(b) മലയാളസ്വരങ്ങളെ ഭാഷാശാസ്ത്രപ്രകാരം വർഗ്ഗീകരിക്കുക.

**(2 × 10 = 20 Marks)**

ബി - വിഭാഗം

III. **ഒന്നരപ്പുറത്തിൽ** (**150** വാക്ക്) കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

7. മലയാളഭാഷയുടെ ഉത്പത്തിയെക്കുറിച്ച് ഉള്ളൂരിന്റെ അഭിപ്രായമെന്ത്?

8. ഭാഷാകൗടലീയത്തിലെ ഭാഷയുടെ സവിശേഷതകൾ വിവരിക്കുക.

9. മധ്യകാലമലയാളഗദ്യത്തിന്റെ സ്വഭാവം ബ്രഹ്മാണ്ഡപുരാണം അടയാളപ്പെടുത്തുന്നതെങ്ങനെ?

10. കുറിപ്പെഴുതുക : മിഷനറിഗദ്യം.

**(2 × 5 = 10 Marks)**

IV. **മൂന്നു** പുറത്തിൽ (**300** വാക്ക്) കവിയാതെ **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ആധുനികമലയാളഗദ്യത്തിന്റെ വളർച്ചയിൽ പത്രമാസികകൾ വഹിച്ച പങ്കെന്ത്?

അല്ലെങ്കിൽ

12. 'മലയാണ്മയുടെ മാധുര്യവും ലാളിത്യവും മനോരഞ്ജകമായി ഒത്തുചേർന്നിരിക്കുന്നു കൃഷ്ണഗാഥയിൽ.' പരിശോധിക്കുക.

**(1 × 10 = 10 Marks)**

സി - വിഭാഗം

V. **അരപ്പുറത്തിൽ** കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

13. പേരെച്ചം എന്നാലെന്ത്?

14. വിഭക്ത്യാഭാസം - കുറിപ്പെഴുതുക.

15. മഹാകാവ്യം എന്നാലെന്ത്?



gcwcentrallibrary.in

16. 'ലനയോ കചപേഷുറ' - വിശദീകരിക്കുക.

17. 'ലോപസന്ധി' ഉദാഹരണസഹിതം വിവരിക്കുക.

18. കേവലം, പ്രയോജകം എന്ന ക്രിയാവിഭജനത്തിനടിസ്ഥാനമെന്ത്?

19. 'രണ്ടു കർമ്മം ചിലേടത്തു

വിശിഷ്ടക്രിയ മൂലമായ്' - വിശദീകരിക്കുക.

**(5 × 2 = 10 Marks)**

VI. ഒന്നരപ്പുറത്തിൽ (**150** വാക്ക്) കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

20. അനുസ്വാരത്തെക്കുറിച്ചുള്ള കേരളപാണിനിയുടെ നിഗമനങ്ങൾ ഏവ?

21. ഭേദകം എന്നാലെന്ത്? എത്രവിധം? വിവരിക്കുക.

22. മലയാളത്തിലെ നിഷേധനിർമ്മിതിയെ പരിചയപ്പെടുത്തുക.

**(2 × 5 = 10 Marks)**

gcwcentrallibrary.in

VII. മൂന്നു പുറത്തിൽ (**300** വാക്ക്) കവിയാതെ **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. (a) വർണ്ണങ്ങൾക്ക് ശ്രുതിഭേദം വരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുക.

അല്ലെങ്കിൽ

(b) അനുപ്രയോഗം എന്നാലെന്ത്? എത്രവിധം? സോദാഹരണം വിശദമാക്കുക.

24. (a) കേരളപാണിനിയുടെ ശബ്ദവിഭജനം വിമർശനാത്മകമായി പരിശോധിക്കുക.

അല്ലെങ്കിൽ

(b) ക്രിയാവിഭാഗങ്ങളെ പരിചയപ്പെടുത്തി അവയുടെ സാമാന്യസ്വഭാവം വ്യക്തമാക്കുക.

25. (a) ലീലാതിലകം, കേരളപാണിനീയം എന്നിവയിലെ സ്വരസന്ധികളെ താരതമ്യപ്പെടുത്തുക.

അല്ലെങ്കിൽ

(b) പാട്ടിന്റെ ലക്ഷണം നിർദ്ദേശിച്ച്, അതിനു മണിപ്രവാളത്തിൽ നിന്നുള്ള പ്രധാന വ്യത്യാസങ്ങൾ വ്യക്തമാക്കുക.

**(3 × 10 = 30 Marks)**

---